

# സ്രഷ്ടാവായ ദൈവം

1

**സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.**

# പാഠം 10

# ദേവാലയത്തിൽ പോകുന്ന ഈശോ.




മാതാപിതാക്കളോടൊത്ത് ഈശോ
ദേവാലയത്തിൽ പോയിരുന്നു.

ദൈവത്തെ സ്തുതിക്കാൻ,

ദൈവവചനം കേൾക്കാൻ,

തിരുന്നാളിൽ പങ്കുചേരാൻ.



# നമുക്കു പാടാം



ശബ്ദമുയർത്തി പാടിടുവിൻ

സർവ്വരുമൊന്നായ് പാടിടുവിൻ

എന്നെന്നും ജീവിക്കും.

സർവ്വേശ്വരനെ വാഴ്ത്തിടുവിൻ.

പരിപാവനനാം സർവ്വേശാ

പരിപാവനനാം ബലവാനേ

പരിപാവനനാം അമർത്യനേ

നിൻകൃപ ഞങ്ങൾക്കേകണമേ.



ദൈവം വസിക്കുന്ന ഭവനമാണ് ദൈവാലയം.
അവിടെ എല്ലാവരും ഒന്നിച്ച് ദൈവവചനം
കേൾക്കുന്നു . ദൈവത്തോടു പ്രാർത്ഥിക്കുന്നു

**ഈശോയെപ്പോലെ ഞാനും എന്റെ**
**മാതാപിതാക്കളോടൊപ്പം ദൈവാലയത്തിൽ പോകും.**

( ഉചിതമായ പദം എടുത്തെഴുതുക )

ഞാൻ ദൈവത്തെ

ദൈവവചനം

ദൈവത്തോടു

കേൾക്കും, പ്രാർത്ഥിക്കും ,സ്തുതിയ്ക്കും.

# കൈകൾ കൂപ്പാം

ഈശോയേ, ദേവാലയത്തിൽ ഭക്തിപൂർവ്വം പെരുമാറാൻ എന്നെ സഹായിക്കണമേ.



# നമുക്കു പാടാം



ദൈവമേ നിൻ ഗേഹമെത്ര മോഹനം

നിൻ ഗൃഹത്തിൽ വാഴുവോർ ഭാഗ്യവാൻമാർ

ദൈവമേ നിൻ ഗേഹമെത്ര മോഹനം.

കണ്ണുകൾ നിൻ ദിവ്യശോഭ തഴുകി നിൽപ്പൂ

കാതുകൾ നിൻ വാണിയിൽ മുഴുകി  നിൽപ്പൂ

അന്യഭൂവിൽ ആയിരം ദിനങ്ങളേക്കാൾ

നിൻ ഗൃഹത്തിലേക ദിവസം കാമ്യമല്ലോ.

## മനഃപാഠമാക്കാം

'കർത്താവിന്റെ വിശുദ്ധ ഭവനത്തിൽ അവിടുത്തെ സ്തുതിക്കുവിൻ'.

സങ്കീർത്തനം 150 : 1

# ബോധ്യങ്ങൾ



* ബാലനായ ഈശോ മാതാപിതാക്കളോടൊത്തു ദേവാലയത്തിൽ പോയിരുന്നു. ദൈവം വസിക്കുന്ന ഭവനമാണ് ദേവാലയം.

## മനോഭാവങ്ങൾ

* ഈശോയെപ്പോലെ ഞാനും ദേവാലയത്തിൽ പോയി ദൈവത്തെ ആരാധിക്കും.



# ശീലങ്ങൾ



* ദേവാലയത്തിലായിരിക്കുമ്പോൾ ഞാൻ കളിക്കുകയോ മറ്റുള്ളവരുമായി സംസാരിക്കുകയോ ചെയ്യുകയില്ല.


THANK
YOU